വിട്ടാൽ നാട്ടിൽ വളരെയധികം അസ്വാസ്ഥ്യം ഉണ്ടാകുമെന്നുള്ളതിനെ പരിഗണിച്ച് ആ ആശുപത്രിക്കുവേണ്ട കൂടുതൽ സ്റ്റാഫിനെ കൊടുക്കാൻ ശ്രമിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ആരേയും അഴിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല. ഇതുവരെ അഴിച്ചുവിട്ടിട്ടുമില്ല. അവരുടെ ആവശ്യത്തിനുള്ളതായ സ്റ്റാഫ് ഉണ്ടെന്നാണ് തോന്നുന്നത്. പക്ഷേ, മൊത്തമായിട്ട് ചില സ്റ്റാഫിനെ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. പ്രത്യേകിച്ചും നേഴ്സസിനെ സംബന്ധിച്ച്. ഏതായാലും മെൻറൽ ഹോസ്പിറ്റലുകളിലെല്ലാംതന്നെ ആവശ്യമായ ഇംപ്രൂവ്മെൻറ് വരുത്താനുള്ള നടപടികളും സ്വീകരിച്ചിരിക്കുകയാണ്.

കുട്ടനാട്ടിൽ ശുദ്ധജലവിതരണം നടത്തുന്നതിനു ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി.

✻ 869. [11] ശ്രീ. തോമസ് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽ ശുദ്ധജലവിതരണം നടത്തുന്നതിനു ഗവണ്മെൻറ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ നടപടി എത്രത്തോളമായി :

(ബി) കുട്ടനാട്ടിൽ ശുദ്ധജലവിതരണം നടത്തുന്നതിനുള്ള സത്വര നടപടി ദയവായി ഗവണ്മെൻറ് കൈക്കൊള്ളുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) കുട്ടനാട്ടിലെ ശുദ്ധജലവിതരണത്തിനു വിപുലവും സമഗ്രവുമായ ഒരു പദ്ധതി ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

(ബി) കുട്ടനാട് ജലവിതരണപദ്ധതിക്ക് വന്നേക്കാവുന്ന കാലതാമസം പരിഗണിച്ച് കുട്ടനാട്ടിലെ പല പഞ്ചായത്തുകളിലും ഇപ്പോഴുള്ള കുഴൽക്കിണറുകളിൽനിന്നും ജലവിതരണം നടത്തുന്നതിനുള്ള ഗ്രാമീണ ജലവിതരണ പദ്ധതികളും ആരംഭിച്ചുകഴിഞ്ഞു. ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുന്ന പദ്ധതിക്ക് വേണ്ടത്ര ധനസഹായവും അംഗീകാരവും ഇൻഡ്യാ ഗവണ്മെൻറിൽനിന്നു ലഭിച്ചാലുടനെ മേൽനടപടികളും കൈക്കൊള്ളുന്നതാണ്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : കുട്ടനാട്ടിലെ പദ്ധതി ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണെന്നു പറഞ്ഞു. വെള്ളം എവിടെനിന്നാണ് കിട്ടുവാൻ പോകുന്നത്. പുളിക്കീഴിൽ നിന്നാണോ, മറ്റു വല്ല പ്രദേശത്തുനിന്നുമാണോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : കൃത്യമായിട്ട് അതിൻെറ ഡീറ്റെയിൽസ് പറയാൻ നിവൃത്തിയില്ല.

ബസ്സുറൂട്ടുകളുടെ ദേശവൽക്കരണം.

✻ 870. [12] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ഗതാഗതയോഗ്യമാക്കുന്ന റോഡുകളിൽക്കൂടെയുള്ള ബസ്സുറൂട്ട് ദേശവൽക്കരിക്കുന്നതിനു ഇന്നു വല്ല നിയമതടസ്സവുമുണ്ടോ ;

(ബി) ഇല്ലെങ്കിൽ അത്തരം റൂട്ടുകളിൽ സ്വകാര്യഉടമകൾക്ക് ബസ്സ് സർവ്വീസ് നടത്തുവാൻ അനുവാദം കൊടുക്കാതിരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly